

# കടുപ്പൂക്കര സെന്റ് ജെയിംസ് ഇടവക

പുത്തൻചിറയ്ക്കും മാളയ്ക്കും ഇടയ്ക്ക് തുരുത്തുപോലെ സ്ഥിതിചെയ്യുന്ന ഒരു കൊച്ചു ഗ്രാമമാണ് കടുപ്പൂക്കര. മഴക്കാലത്ത് വെള്ളത്താൽ ചുറ്റപ്പെട്ട കരപോലെ കാണപ്പെടുന്ന ഈ പ്രദേശം പണ്ട് പുറംലോകവുമായി ബന്ധപ്പെട്ടിരുന്നത് ജലഗതാഗതമാർഗ്ഗമായ നാടൻ വഞ്ചിയിലൂടെയായിരുന്നു. പിന്നെയും ഏറെക്കാലം കഴിഞ്ഞാണ് കരിങ്ങാച്ചിറയോട് ബന്ധപ്പെടുത്തി നാട്ടുകാരുടെ സഹകരണത്താലും സർക്കാരിന്റെ സഹായത്താലും മണ്ണിട്ട പൊതുവഴിയും റോഡ് ഗതാഗതവും അനന്തരം ടാർ റോഡും സൗകര്യപ്പെട്ടത്.

## പ്രാരംഭം

ഇവിടത്തെ പുരാതന കുടുംബങ്ങൾ പുത്തൻചിറ ഇടവകക്കാരായിരുന്നതിനാൽ യാത്രാക്ലേശം പരിഗണിക്കാതെ ഞായറാഴ്ചകളിലും മറ്റു വിശേഷാവസരങ്ങളിലും പുത്തൻചിറ പള്ളിയിൽ പോയി കൃത്യമായി തിരുക്കർമ്മങ്ങളിൽ പങ്കെടുത്തിരുന്നു. ക്ലേശകരമായ യാത്രയ്ക്ക് അറുതിവരുത്താൻവേണ്ടി സ്വന്തമായി ഒരു ദൈവാലയം കടപ്പൂക്കരയിൽ ഉണ്ടാകമെന്ന് മുതിർന്ന തലമുറയിൽപെട്ടവർ ആഗ്രഹിച്ചിരുന്നു. തത്ക്കാലം ഒരു കപ്പേള എന്നായിരുന്നു ആദ്യത്തെ ചിന്ത. ഇതിനുവേണ്ടി 22.2.1970-ൽ പടമ്മാട്ടുമ്മൽ അന്തോണി അവർകൾ 10 സെന്റ് സ്ഥലം കപ്പേളയ്ക്കുവേണ്ടി സൗജന്യമായി അമ്പുസമുദായ കമ്മിറ്റി പ്രസിഡന്റിന്റെ പേർക്ക് തീറ് നല്കി. കപ്പേളപറമ്പിനോടടുത്തുള്ള 30 സെന്റ് സ്ഥലം 1974-ൽ വിലയ്ക്ക് വാങ്ങാൻ തീരുമാനിച്ചു. ഇതിനിടെ പുത്തൻചിറ ഫൊറോന വികാരിയായിരുന്ന പെ. ബഹു. സിറിയക് അമ്പൂക്കനച്ചന്റെ നിർദ്ദേശാനുസരണം ഭാവിയെക്കരുതി കുരിശുപള്ളി പണിയുക എന്ന ധാരണയായി. പ്രസ്തുത സ്ഥലം തീറുവാങ്ങുന്നതിന് അമ്പുസമുദായത്തിന്റെ പേരിൽ ദാനമായി ലഭിച്ചിരുന്ന 10 സെന്റ് സ്ഥലം വിറ്റത് കൂടാതെ 8 സെന്റ് സ്ഥലത്തിന്റെ പണം കമ്മിറ്റിയംഗങ്ങളായ സി.കെ. മത്തായി, പി.വി. തോമസ്, സി.കെ. പൊറിഞ്ചു എന്നിവർ വ്യക്തിപരമായി നല്കി മൊത്തം സ്ഥലം തീറ് വാങ്ങി.

## ദേവാലയനിർമ്മാണം

പിന്നീട് 1976-ൽ പുത്തൻചിറക്കാരനും തൃശ്ശൂർ രൂപത വികാരി ജനറാളുമായിരുന്ന പെ. ബഹു. മോൺ. ജോൺ മാള്യേക്കലിനെ കണ്ട് ഇക്കാര്യത്തെപ്പറ്റി പറയു

കയും പുത്തൻചിറ ഫൊറോന വികാരിയുടെ ശുപാർശയോടെ തൃശ്ശൂർ രൂപതാകാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. അങ്ങനെ, കടുപ്പൂക്കര പള്ളി നിർമ്മാണത്തിന് അഭിവന്ദ്യ തൃശ്ശൂർ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കുണ്ടുകുളം 8.3.1978-ൽ അനുമതി നല്കുകയും ചെയ്തു. അതോടൊപ്പം, പുതിയ പള്ളി പണിയുമ്പോൾ 50 സെന്റിൽ കുറയാത്ത സ്ഥലം പള്ളിക്കുണ്ടാകണമെന്ന് പുരോഗതിയെ മുൻനിർത്തി അദ്ദേഹം സ്നേഹപൂർവ്വം നിർദ്ദേശിച്ചു. പടമാട്ടുമ്മൽ പൊറിഞ്ചു ആഗസ്തി ഉടൻതന്നെ 5 സെന്റ് സ്ഥലം ദാനംചെയ്യാൻ തയ്യാറായി അതോടൊപ്പം ആദ്യം കപ്പേളയ്ക്കുവേണ്ടി ലഭിച്ചതും പിന്നീട് വില്ക്കേണ്ടിവന്നതുമായ 10 സെന്റ് സ്ഥലവും വേറെ 6 സെന്റ് സ്ഥലവും കൂടി 16 സെന്റ് 27.7.1978-ൽ തീറുവാങ്ങി. കൂടാതെ 30 സെന്റ് സ്ഥലംകൂടി വിലയ്ക്കുവാങ്ങിയിരുന്നു.

7.8.1978-ൽ പള്ളി നിർമ്മാണകമ്മിറ്റി രൂപീകരിച്ചു. 1978 ഒക്ടോബർ 2-ാം തിയ്യതി ഉച്ചതിരിഞ്ഞ് 2.30-ന് അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് സ്വന്തം സ്വർഗ്ഗീയ മദ്ധ്യസ്ഥനായ സെന്റ് ജെയിംസിന്റെ നാമധേയത്തിലുള്ള കടുപ്പൂക്കര പള്ളിയുടെ ശിലാസ്ഥാപനം നടത്തി. മാർ ജെയിംസ് പഴയാറ്റിൽ മെത്രാനായതിനുശേഷം ഇദംപ്രഥമായി നടത്തപ്പെട്ട ദൈവാലയ ശിലാസ്ഥാപനകർമ്മമായിരുന്നു അത്. ബഹു. ആന്റണി പറോക്കാരൻ അച്ചനായിരുന്നു അപ്പോഴത്തെ വികാരി.

## ദേവാലയം, ഇടവക

വെരി റവ. ഫാ. ജോസ് കാവുങ്കലിന്റെ നേതൃത്വത്തിലുള്ള തീവ്രശ്രമംകൊണ്ട് പള്ളിപ്പണി പൂർത്തീകരിച്ചു. പള്ളിയുടെ അടിത്തറയോട് ചേർന്ന് മൃതദേഹസംസ്ക്കാര ശുശ്രൂഷയ്ക്കുള്ള കല്ലറകൾ പണിയുകയും ചെയ്തു. 1981 മാർച്ച് 15-ാം തിയ്യതി ഉച്ചതിരിഞ്ഞ് 3.30-ന് മാർ ജെയിംസ് പഴയാറ്റിൽ പിതാവ് ദൈവാലയത്തിന്റെ കൂദാശാകർമ്മം നടത്തി ആദ്യ ദിവ്യബലിയർപ്പിച്ചു. 24 വീടുകൾ മാത്രമുണ്ടായിരുന്ന കടപ്പൂക്കര പള്ളിയെ 26.7.1981-ൽ ഇടവകയായി പ്രഖ്യാപിച്ചു. പുത്തൻചിറ ഫൊറോന വികാരിയായ വെരി. റവ. ഫാ. ജോസ് കാവുങ്കൽ ആയിരുന്നു പ്രഥമ വികാരി. ചിറയത്ത് കുഞ്ഞിപൈലൻ മത്തായിയും ചിറയത്ത് തോമൻ ദേവസ്സിയും പ്രഥമ കൈക്കാരന്മാരായിരുന്നു.

## വൈദികമന്ദിരം

തുടർന്ന് വികാരിയായി വന്ന വെരി. റവ. ഫാ. ജോസഫ് പടമാടന്റെ നേതൃത്വത്തിൽ വൈദികമന്ദിരത്തിന്റെ പണി ആരംഭിച്ചു. എന്നാൽ, പിന്നീട് കടുപ്പൂക്കര പള്ളിയുടെ നടത്തിപ്പ് 1985 ജൂലൈ മുതൽ



ഓഫീസ്, വൈദിക മന്ദിരം

സൗകര്യാർത്ഥം മാള ഫൊറോന പള്ളി വികാരിമാരെ രൂപതയിൽ നിന്ന് ഏല്പിക്കുകയുണ്ടായി. വെരി. റവ. ഫാ. ജോൺ വാഴപ്പിള്ളി (Sr.) വികാരി ആയിരുന്ന കാലഘട്ടത്തിൽ സംഭാവന പിരിച്ചാണ് പള്ളിയുടെ മുഖവാരത്തിന്റെയും വൈദികമന്ദിരത്തിന്റെയും ഓഫീസിന്റെയും പണികൾ പൂർത്തിയാക്കിയത്.

പള്ളിയുടെ രജത ജൂബിലിയോടനുബന്ധിച്ച് പള്ളിയുടെ അൾത്താരയും മദ്ബഹായും നവീകരിച്ച 20.1.2005-ൽ രൂപതാവികാരി ജനറാൾ മോൺ. ജോസ് കാവുങ്കൽ വെഞ്ചരിച്ചു.

## മതബോധനഹാൾ

മതബോധനത്തിന് സൗകര്യമില്ലാതെ ക്ലേശിക്കുന്ന സാഹചര്യം പരിഗണിച്ച് ജൂബിലി സ്മാരകമായി ഒരു മതബോധന ഹാൾ പണിതീർത്തു.

24 കുടുംബങ്ങളോടുകൂടി രൂപീകൃതമായ ഈ ഇടവകയിൽ ഇപ്പോൾ രണ്ടു കുടുംബസമ്മേളന യൂണിറ്റുകളിലായി ആകെ 41 വീടുകളാണുള്ളത്.



മതബോധന ഹാൾ